**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5710** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഡി.വൈ.എസ്.പി. തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാന പോലീസിൽ ഡി.വൈ.എസ്.പി. തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും ഒഴിവുകൾ നികത്താതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ എന്നും വ്യക്തമാക്കാമോ; | (എ) | കേരള പോലീസിൽ ഡി.വൈ.എസ്.പി. തസ്തികയിൽ നികത്താൻ കഴിയുന്ന 2 ഒഴിവുകളാണുള്ളത്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വർധിച്ചുവരുന്ന പോക്സോ കേസുകളിലെ പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനും കേസ് അന്വേഷണം നിരീക്ഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഒരു ഡി.വൈ.എസ്.പി. യെ വീതം നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പോലീസ് ആസ്ഥാനത്തുനിന്നും ലഭിച്ചിട്ടുണ്ടോ; ആയതിന് ബഹു. സുപ്രീം കോടതിയുടെ നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | (ബി) | പോക്സോ കേസ് അന്വേഷിക്കുന്നതിന് മാത്രമായി ഓരോ ജില്ലയിലും ഒരു ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | മെഡിക്കൽ കോളേജുകളിൽ വിജിലൻസ് ഓഫീസർമാരായി ഡി.വൈ.എസ്.പി. മാരെ നിയമിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ 2023 മെയ് മാസം ആയത് നടപ്പിൽ വരുത്താൻ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ; | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഡി.വൈ.എസ്.പി.മാരുടെ ശമ്പളത്തിന് തുല്യമായ ശമ്പളം വാങ്ങുന്ന ഏറ്റവും സീനിയറായ ഹയർ ഗ്രേഡ് ഇൻസ്പെക്ടർമാർക്ക് സ്ഥാനക്കയറ്റം നൽകി പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ